# കേരള സർക്കാർ

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് – കൊല്ലം കോർപ്പറേഷൻ – കേന്ദ്രീയ വിദ്യാലയം സ്ഥാപിക്കുന്നതിനായി ശക്തികുളങ്ങര വില്ലേജിലെ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട 4 ഏക്കർ ഭൂമി – അർജൻസി ക്ലോസിൽ അക്വയർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.**

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) 2990/2009/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, നവംബർ 12, 2009.

---

പരാമർശം:
1. സ.ഉ. (സാധാ) 658/2009/ത.സ്വ.ഭ.വ. തീയതി 16-03-2009.
2. കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയുടെ 19-09-2009-ലെ PW8/ TPI 23656/07-ാം നമ്പർ കത്ത്.
3. കൊല്ലം ജില്ലാ കളക്ടറുടെ 29-10-2009-ലെ എൽ.എ6-26074/08 -ാം നമ്പർ കത്ത്.

**ഉത്തരവ്**

കേന്ദ്രീയ വിദ്യാലയം സ്ഥാപിക്കുന്നതിന് കൊല്ലം താലൂക്കിൽ ശക്തികുളങ്ങര വില്ലേജിൽ ബ്ലോക്ക് 1-ൽപ്പെട്ട 639/12, 640/5, 640/6pt, 640/19pt, 640/20pt, 640/28pt, 642/3, 642/4pt, 642/5pt, 642/18, 642/19, 642/20pt 642/21, 642/25 എന്നീ സർവ്വേ നമ്പരുകളിലെ 4 ഏക്കർ സ്ഥലം അർജൻസി ക്ലോസിൽ അക്വയർ ചെയ്യുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. ടി ഉത്തരവുകളിലുൾപ്പെട്ടിട്ടുള്ള സർവ്വേ നമ്പർ 642/4-3, 642/4-4, 642/25 എന്നിവയിൽപ്പെട്ട 40.47 ആർ സ്ഥലം വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതാണെന്നും പ്രസ്തുത അക്വിസിഷനിലുൾപ്പെടുന്നതല്ലെന്നും ആയതിനാൽ അത് ഒഴിവാക്കി ഉത്തരവാകണമെന്ന് പരാമർശം (2)-ലെ കത്ത് പ്രകാരം കൊല്ലം കോർപ്പറേഷൻ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിച്ചു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരമാർശം 3-ലെ ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ കേന്ദ്രീയ വിദ്യാലയം സ്ഥാപിക്കുന്നതിന് കൊല്ലം താലൂക്കിൽ ശക്തികുളങ്ങര വില്ലേജിൽ ചുവടെ പട്ടികയിൽ കൊടുത്തിട്ടുള്ള 4 ഏക്കർ സ്ഥലം അർജൻസി ക്ലോസിൽപ്പെടുത്തി അക്വയർ ചെയ്യുന്നതിന് താഴെ പറയുന്ന നിബന്ധനകളുടെയടിസ്ഥാനത്തിൽ കൊല്ലം കോർപ്പറേഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(മറുപുറം)

| സർവ്വേ നമ്പർ | സബ്ഡിവിഷൻ നമ്പർ | വിസ്തീർണ്ണം (ആർ) |
|---|---|---|
| 640 | 2pt | 43.20 |
| 640 | 5 | 19.60 |
| 640 | 6pt | 13.25 |
| 640 | 7pt | 04.25 |
| 640 | 26pt | 04.85 |
| 640 | 28 | 20.25 |
| 640 | 19pt | 08.00 |
| 640 | 20pt | 03.66 |
| 642 | 4pt | 31.00 |
| 642 | 19pt | 04.70 |
| 642 | 20pt | 01.20 |
| 640 | 2pt | 04.49 |
| 641 | 9pt | 02.00 |
| 641 | 10pt | 01.50 |
| | ആകെ | 01.61.95 ഹെക്ടർ (4 ഏക്കർ) |

i. അക്വിസിഷനാവശ്യമായ തുകയുടെ 80% മുൻകൂറായി കൊല്ലം ജില്ലാ കളക്ടർ മുമ്പാകെ ഒടുക്കേണ്ടതാണ്.

ii. അക്വിസിഷൻ സംബന്ധമായി സർക്കാരിന് യാതൊരുവിധ സാമ്പത്തിക ബാധ്യതയോ വ്യവഹാര ബാധ്യതയോ ഉണ്ടായിരിക്കുന്നതല്ല.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.അനിൽകുമാർ,
അണ്ടർ സെക്രട്ടറി.

To

സെക്രട്ടറി, കൊല്ലം കോർപ്പറേഷൻ, കൊല്ലം.

ജില്ലാ കളക്ടർ, കൊല്ലം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ)/(ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.